**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5680** **08-07-2024 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എച്ച്. സലാം | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) |

<table>
<tr>
<td>(എ)</td>
<td>സാധാരണക്കാരനും ഗുണമേന്മയുള്ളതും ചെലവേറിയതുമായ ചികിത്സകൾ ലഭിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; ഈ സർക്കാർ ഓരോ വർഷവും ഇതിനായി എത്ര കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;</td>
<td>(എ)</td>
<td>സംസ്ഥാനത്ത് പൊതുജനാരോഗ്യ സംരക്ഷണ മേഖലയിൽ സാർവത്രിക ആരോഗ്യ പരിരക്ഷ ലക്ഷ്യമാക്കി കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി 2019 ഏപ്രിൽ മാസം മുതൽ സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. അന്നേവരെ നിലവിൽ ഉണ്ടായിരുന്ന RSBY, CHIS, CHIS Plus എന്നീ പദ്ധതികൾ സംയോജിപ്പിച്ചാണ് (KASP) അഥവാ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി രൂപീകരിച്ചത്. 2018-19 കാലഘട്ടത്തിൽ RSBY, CHIS അംഗത്വം പുതുക്കിയവർ, 2011-ലെ SECC സെൻസസിൽ അർഹത നേടിയവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.<br><br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ആകെ 42.45 ലക്ഷം കുടുംബങ്ങളാണ് ഗുണഭോക്താക്കളായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി പ്രകാരം 5ലക്ഷം രൂപയുടെ വാർഷിക ചികിത്സാ ആനുകൂല്യങ്ങൾ മുഴുവൻ കുടുംബത്തിനും പൊതു സ്വകാര്യ മേഖലകളിൽ നിന്നും എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള 577 ആശുപത്രികൾ വഴി ലഭിക്കുന്നതാണ്.<br><br>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്കായി SHA മുഖാന്തരം നാളിതുവരെ 5974.57 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു
<table>
<tr><td>സാമ്പത്തിക വർഷം</td><td>ചെലവഴിച്ച തുക</td></tr>
<tr><td>2020-2021</td><td>646.07 കോടി</td></tr>
<tr><td>2021-2022</td><td>1563.57 കോടി</td></tr>
<tr><td>2022-2023</td><td>1695.15 കോടി</td></tr>
<tr><td>2023-2024</td><td>1722.58 കോടി</td></tr>
<tr><td>2024-2025</td><td>347.20 കോടി</td></tr>
</table>
</td>
</tr>
<tr>
<td>(ബി)</td>
<td>സംസ്ഥാനത്തെ എത്ര സ്വകാര്യ ആശുപത്രികൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്; പണം ലഭിക്കാനുണ്ടെന്ന കാരണം പറഞ്ഞ് പ്രസ്തുത പദ്ധതിയിൽ നിന്നും എത്ര സ്വകാര്യ ആശുപത്രികൾ ഒഴിവായിട്ടുണ്ട്; വിശദമാക്കാമോ;</td>
<td>(ബി)</td>
<td>നിലവിൽ 375 സ്വകാര്യ ആശുപത്രികൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.</td>
</tr>
<tr>
<td>(സി)</td>
<td>പല സ്വകാര്യ ആശുപത്രികളിലും മുൻപ് ആരോഗ്യ സുരക്ഷാ കാർഡ് അനുസരിച്ച് ചികിത്സ ലഭ്യമാകുമായിരുന്നുവെങ്കിലും ഇപ്പോൾ ചികിത്സയ്ക്ക് പണം ആദ്യം തന്നെ കെട്ടിവെക്കണമെന്ന് പറഞ്ഞ്</td>
<td>(സി)</td>
<td>ഇല്ല. എന്നിരുന്നാലും ഏതെങ്കിലും ആശുപത്രിയെ പറ്റി ഗുണഭോക്താവിന് ഇത്തരത്തിലുള്ള പരാതി ഉണ്ടെങ്കിൽ അത് ജില്ലാ പരാതി പരിഹാര സമിതിയിൽ (DGRC) സമർപ്പിക്കാനുള്ള സംവിധാനം എല്ലാ ജില്ലകളിലും നിലവിലുണ്ട് .</td>
</tr>
</table>

| | | | |
|---|---|---|---|
| | ചികിത്സ നിഷേധിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ